48 (1262) ഏകീകൃത പരീക്ഷാ കലണ്ടർ നടപ്പാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലകൾക്ക് ബാധകമായ ഏകീകൃത പരീക്ഷാകലണ്ടർ നടപ്പാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(ബി) ഏകീകൃത പരീക്ഷാ കലണ്ടർ നടപ്പാക്കപ്പെട്ടാൽ പരീക്ഷകൾ ഒരേ ദിവസം നടത്തുന്നതിനും വ്യാപകമായ തോതിൽ കേന്ദ്രീകൃത മൂല്യനിർണ്ണയം നടപ്പാക്കുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടി വരുമെന്നു കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പരീക്ഷകളുടെ നടത്തിപ്പ്, ഫലം പ്രസിദ്ധികരിക്കൽ എന്നിവയ്ക്ക് ഭാരിച്ച ചെലവ് വരുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലും ഒരേ തീയതികളിൽ പരീക്ഷ നടത്താനും ഫലപ്രഖ്യാപനം ഒരേ കാലയളവിൽ നടത്താനും സാധിക്കും. ഇപ്രകാരം ചെയ്യുന്നതുകൊണ്ട് വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് പ്രവേശനം ലഭിക്കുന്നതിന് നിലവിലുള്ള അസൗകര്യങ്ങൾ ദൂരീകരിക്കാൻ കഴിയുന്നതാണ്.

(ബി)&(സി) ഏകീകൃത പരീക്ഷാ കലണ്ടർ നടപ്പാക്കുന്നതു സംബന്ധിച്ച ശുപാർശകൾ പരിശോധിച്ച് എത്രയും വേഗം തീരുമാനമെടുക്കുന്നതാണ്.

49 (1263) കേരളസർവ്വകലാശാലയുടെ പ്രവർത്തനം

ശ്രീ. ബി. വിജയകുമാർ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ഏറ്റവും ഒടുവിൽ കമ്മിഷനെ നിയമിച്ചത് എന്നാണ്;

(ബി) അതിനുശേഷം സർവ്വകലാശാലയുടെ പ്രവർത്തനം വിലയിരുത്താൻ ഒരു കമ്മിഷനെ നിയമിക്കണമെന്ന് സെനറ്റ് തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതനുസരിച്ച് എന്തു നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly